**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5326** **12-08-2021 - ൽ മറുപടിയ്ക്ക്**

**പ്ലാൻന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പ്ലാൻന്റേഷൻ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 11.02.2021-ലെ സ.ഉ.(കൈ)നം.12/2021/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിന് കീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും 20.05.2021-ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിന് കീഴിൽ കൊണ്ടുവരികയും ചെയ്തു. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള മറ്റ് നടപടികൾ വ്യവസായ വകുപ്പിന് കീഴിൽ പുരോഗമിക്കുന്നു. |
| (ബി) | പ്ലാൻന്റേഷൻ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് പ്രസ്തുത ഡയറക്ടറേറ്റ് മുഖേന എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 11.02.2021-ലെ സ.ഉ.(കൈ)നം.12/2021/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിന് കീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും 20.05.2021-ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിന് കീഴിൽ കൊണ്ടുവരികയും ചെയ്തു. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള മറ്റ് നടപടികൾ വ്യവസായ വകുപ്പിന് കീഴിൽ പുരോഗമിക്കുന്നു. |
| (സി) | തോട്ടവിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണി കണ്ടെത്തുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | തോട്ടം മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ട: ജസ്റ്റീസ് കൃഷ്ണൻ നായരെ കമ്മീഷനായി നിയമിക്കുകയും, കമ്മീഷന്റെ ശുപാർശകളിൽ ഭൂരിഭാഗവും സർക്കാർ അംഗീകരിക്കുകയും സമഗ്രമായ ഒരു പ്ലാന്റേഷൻ നയം രൂപീകരിച്ച് അന്തിമ രൂപം നൽകുകയും 22.01.2021-ലെ സ.ഉ.(കൈ)നം.6/2021/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടവിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണി കണ്ടെത്തുന്നതിനുമുള്ള പദ്ധതികൾ സർക്കാർ |

| | | | |
|---|---|---|---|
| | | | അംഗീകരിച്ച പ്ലാന്റേഷൻ നയത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും മേൽനോട്ടത്തിനും പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കേണ്ടതുണ്ട്. പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിന് കീഴിൽ കൊണ്ടുവരികയും ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിന് കീഴിൽ പുരോഗമിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ